REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 07-07-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- മൂന്ന് ദിവസത്തെ റഷ്യ- ഓസ്ട്രിയ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ യാത്ര തിരിയ്ക്കും.
- പാർലമെന്റ് ബജറ്റ് സമ്മേളനം ഈ മാസം 22ന് തുടങ്ങും.
- നീറ്റ് UG, PG കോഴ്സുകളുടെ കൗൺസിലിംഗ് തിയതികൾ ദേശീയ മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റി ഇതുവരെ വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം.
- സപ്ലൈകോ അമ്പതാം വാർഷികം പ്രമാണിച്ച് സംസ്ഥാനത്ത് 50 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുമെന്ന് മന്ത്രി G.R അനിൽ.
- കുവൈറ്റിലെ തീപ്പിടുത്തത്തിൽ മരിച്ച 12 പേരുടെ കുടുംബങ്ങൾക്ക് മന്ത്രിമാർ വീടുകളിലെത്തി ധനസഹായം വിതരണം ചെയ്തു.
- ഇന്ത്യാ - സിംബാവെ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ സിംബാവെയ്ക്ക് 13 റൺസ് വിജയം.

## വാർത്തകൾ വിശദമായി

**മൂന്ന് ദിവസത്തെ റഷ്യ- ഓസ്ട്രിയ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ യാത്ര തിരിയ്ക്കും. 22-ാമത് ഇന്ത്യ- റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യൻ പ്രസിഡണ്ട് വ്ലാഡിമർ പുടിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി മോസ്കോയിലെത്തുന്നത്.**

**ഡെസ്ക്ക് റിപ്പോർട്ട്e**

**....(വോയ്സ്)....**

**ഇന്ത്യയും റഷ്യയും ആഗോള- പ്രാദേശിക വിഷയങ്ങൾ അവലോകനം ചെയ്യുകയും ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ നടപടികളിൽ ചർച്ച നടത്തുകയും ചെയ്യും. റഷ്യയിലെ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി സംവദിക്കും.**

**റഷ്യൻ സന്ദർശനത്തിനു ശേഷം ചൊവ്വാഴ്ച നരേന്ദ്രമോദി ഓസ്ട്രിയയിലെത്തും. 41 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയയിലെത്തുന്നത്. ഓസ്ട്രിയൻ പ്രസിഡണ്ട് അലക്സാണ്ടർ വാൻ ഡെർ ബെല്ലൻ, ചാൻസലർ കാൾ നഹാമർ എന്നിവരുമായി വിയന്നയിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യ- ഓസ്ട്രേലിയ വ്യാപാര പ്രമുഖരെയും ഇരുവരും അഭിസംബോധന ചെയ്യും.**

**✪✪✪**

**ഒഡീഷയിൽ നാല് ദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ലോകപ്രശസ്തമായ പുരി ജഗന്നാഥ രഥോത്സവം ഉൾപ്പെടെ ആഘോഷ പരിപാടികൾ വീക്ഷിക്കും. നാളെ ഭുവനേശ്വറിലെ ഉദയഗിരി, ഖണ്ഡഗിരി ഗുഹകൾ സന്ദർശിച്ച ശേഷം രാഷ്ട്രപതി, ഉത്കൽ സർവകലാശാലയിലെയും, വിഭൂതി കനുംകോ കോളജിലെയും വിദ്യാർത്ഥികളുമായി സംവദിക്കും. തുടർന്ന് ബ്രഹ്മകുമാരിസ് സുസ്ഥിരതയ്ക്കു വേണ്ട ജീവിതരീതി എന്ന പ്രചാരണത്തിന് തുടക്കമിടുകയും ചെയ്യും. ചൊവ്വാഴ്ച നൈസർ-ന്റെ 13-ാം ബിരുദദാന ചടങ്ങിൽ പങ്കെടുത്തശേഷം രാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.**

**✪✪✪**

**രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനെത്തിയ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഡൽഹിയിലേക്ക് മടങ്ങും. തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയിലെ ബിരുദദാന ചടങ്ങിൽ ഇന്നലെ അദ്ദേഹം പങ്കെടുത്തു. തുടർന്ന് കൊല്ലത്തെത്തിയ ധൻഖറും കുടുംബവും കെട്ടുവള്ളത്തിൽ അഷ്ടമുടിക്കായലിന്റെ മനോഹാരിത ആസ്വദിച്ചു.**

**✪✪✪**

**പാർലമെന്റ് ബജറ്റ് സമ്മേളനം ഈ മാസം 22ന് ആരംഭിക്കും. നടപ്പു സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് 23-ന് ലോക്സഭയിൽ അവതരിപ്പിക്കുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. അടുത്ത മാസം 12 വരെ സമ്മേളനം തുടരും.**

ബജറ്റ് സമ്മേളനത്തിനായി പാർലമെന്റിന്റെ ഇരു സഭകളും വിളിച്ചു ചേർക്കണമെന്ന കേന്ദ്ര നിർദേശം രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ചതായി കിരൺ റിജിജു സാമൂഹ്യ മാധ്യമ കുറിപ്പിൽ വ്യക്തമാക്കി.

✪✪✪

നീറ്റ് UG, PG കോഴ്സുകളുടെ കൗൺസിലിംഗ് തിയതികൾ ദേശീയ മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റി ഇതുവരെ വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

UG സീറ്റ് മാട്രിക്സ് ജൂലൈ മൂന്നാം വാരത്തിലും P.G സീറ്റ് മാട്രിക്സ് ഓഗസ്റ്റ് പകുതിയോടെയും അന്തിമമാക്കുമെന്നാണ് സൂചന. മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റി അതനുസരിച്ച് കൗൺസിലിംഗ് തിയതി അറിയിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

തമിഴ്നാട്ടിലെ BSP സംസ്ഥാന പ്രസിഡണ്ട് K.ആംസ്ട്രോങ്ങിനെ കൊലപ്പെടുത്തിയവരെ കണ്ടെത്തി ശിക്ഷിക്കണമെന്ന് BJP അധ്യക്ഷൻ JP നദ്ദ തമിഴ്നാട് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ആംസ്ട്രോങ്ങിന്റെ കൊലപാതകം രാജ്യത്തെ മുഴുവൻ രോഷാകുലമാക്കിയിരിക്കുകയാണെന്ന് അദ്ദേഹം സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു.

✪✪✪

തമിഴ്നാട്ടിലെ BSP സംസ്ഥാന പ്രസിഡണ്ട് K.ആംസ്ട്രോങ്ങിനെ കൊലപ്പെടുത്തിയവരെ കണ്ടെത്തി ശിക്ഷിക്കണമെന്ന് BJP അധ്യക്ഷൻ JP നദ്ദ തമിഴ്നാട് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ആംസ്ട്രോങ്ങിന്റെ കൊലപാതകം രാജ്യത്തെ മുഴുവൻ രോഷാകുലമാക്കിയിരിക്കുകയാണെന്ന് അദ്ദേഹം സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു.

✪✪✪

ജമ്മൂ കശ്മീരിലെ കുൽഗാം ജില്ലയിൽ രണ്ടിടത്ത് ഭീകരപ്രവർത്തകരുമായി ഉണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികൻ വീരമൃത്യു വരിച്ചു. നാല് ഭീകരർ കൊല്ലപ്പെട്ടതായും പ്രദേശത്ത് വെടിവയ്പ്പ് തുടരുകയാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

✪✪✪

നിർമിത ബുദ്ധിയുടെ നേട്ടങ്ങൾ തിരിച്ചറിഞ്ഞ് അവയെ പുരോഗമനപരമായി ഉപയോഗിക്കാൻ കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ജില്ലാ അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. യുനിസെഫ് തയ്യാറാക്കിയ പഠന റിപ്പോർട്ടും പിണറായി വിജയൻ പ്രകാശനം ചെയ്തു.

✪✪✪

സപ്ലൈകോ അമ്പതാം വാർഷികം പ്രമാണിച്ച് സംസ്ഥാനത്ത് 50 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുമെന്ന് മന്ത്രി G.R അനിൽ കാസർകോട്ട് പറഞ്ഞു. പുതുക്കൈ ചേടി റോഡ് മാവേലിസ്റ്റോർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 99 സപ്ലൈകോ സ്റ്റോറുകൾ സംസ്ഥാനത്ത് ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

ഓരോമാസവും സപ്ലൈകോ കടകളിൽ നിന്ന് അവശ്യസാധനങ്ങൾ വാങ്ങുന്നവരുടെ എണ്ണം വർധിക്കുകയാണെന്നും, തെറ്റായ പ്രചാരണങ്ങൾ നേരത്തെ സപ്ലൈക്കോയുടെ വില്പനയെ ബാധിച്ചിരുന്നുവെന്നും മന്ത്രി വിലയിരുത്തി. നേരത്തെ കാഞ്ഞങ്ങാട്ട് ഭക്ഷ്യ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെയും, K സ്റ്റോർ റേഷൻ ലൈസൻസിമാരുടെയും അവലോകന യോഗത്തിൽ മന്ത്രി പങ്കെടുത്തു. ഓണത്തിനു മുമ്പ് കാസർകോട് ജില്ലയിൽ 30 K സ്റ്റോറുകൾ തുറക്കുമെന്ന് G R അനിൽ അറിയിച്ചു.

✪✪✪

കുവൈറ്റിൽ തൊഴിലാളികളുടെ താമസകേന്ദ്രത്തിലെ തീപ്പിടുത്തത്തിൽ മരിച്ച പത്തനംതിട്ട, കോട്ടയം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് സ്വദേശികളായ 12 പേരുടെ കുടുംബങ്ങൾക്ക് മന്ത്രിമാർ വീടുകളിലെത്തി ധനസഹായം വിതരണം ചെയ്തു. 14 ലക്ഷം രൂപയാണ് നോർക്ക മുഖേന ഓരോ കുടുംബത്തിനും ധനസഹായം നൽകിയത്. ശേഷിക്കുന്ന ഏഴ് കുടുംബങ്ങൾക്ക് ഇന്നും വരുംദിവസങ്ങളിലുമായി സഹായധനം കൈമാറും. കണ്ണൂരെയും, കാസർകോട്ടെയും നാല് പേരുടെ വീടുകളിലെത്തി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയാണ് ഇന്നലെ ആശ്വാസ ധനം കൈമാറിയത്.

✪✪✪

അവയവ മാറ്റ ശസ്ത്രക്രിയക്കായി കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിനായി 463 കോടി രൂപ

ചിലവഴിക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. തിരൂരങ്ങാടിയിലെ സ്വകാര്യ ആശുപത്രിയിൽ നവീകരിച്ച വിഭാഗങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പച്ചക്കറി ഉൽപാദനത്തിൽ ഓരോ വീടും സ്വയം പര്യാപ്തമാകണമെന്ന് മന്ത്രി P. പ്രസാദ് ആവശ്യപ്പെട്ടു. വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയ കൃഷി 'നിറവി'ന്റെ നാലാം ഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞവർഷം മികച്ച രീതിയിൽ കൃഷി ചെയ്ത ഗ്രൂപ്പുകൾക്കും വിദ്യാലയങ്ങൾക്കും ഉദ്യോഗസ്ഥർക്കും മന്ത്രി പുരസ്കാരങ്ങളും വിതരണം ചെയ്തു.

✪✪✪

ഈ വർഷത്തെ വനമഹോത്സവം ഇന്ന് സമാപിക്കും. സമാപന സമ്മേളനവും കോഴിക്കോട് ചാലിയം നഗര വന പദ്ധതിയിലെ പൂർത്തീകരിച്ച പ്രവൃത്തികളും മന്ത്രി AK.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. വനമിത്ര പുരസ്കാരങ്ങൾ ചടങ്ങിൽ അദ്ദേഹം സമ്മാനിക്കും. മന്ത്രി PA മുഹമ്മദ് റിയാസ് അധ്യക്ഷനായിരിക്കും. M.K രാഘവൻ M.P മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

കൊടുങ്ങല്ലൂർ - ഷൊർണൂർ റോഡ് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ KSTP ഉദ്യോഗസ്ഥർക്ക് മന്ത്രി ഡോ.R ബിന്ദു നിർദ്ദേശം നൽകി. തൃശ്ശൂർ കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിലാണ് മന്ത്രിയുടെ നിർദ്ദേശം.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ അടുത്ത രണ്ടു ദിവസം ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടിമിന്നലിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് ഏഴ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ജാഗ്രതാ നിർദേശം.

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ രണ്ട് മുതൽ 2.7 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തീരങ്ങളിൽ 35 മുതൽ 45 കിലോമീറ്റർ

വരെയും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിലും കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇന്ത്യാ - സിംബാവെ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ സിംബാവെയ്ക്ക് 13 റൺസ് ജയം. ഹരാരെയിലെ മത്സരത്തിൽ സിംബാവെ ഉയർത്തിയ 116 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന ഇന്ത്യയുടെ പോരാട്ടം 102 റൺസിൽ അവസാനിച്ചു. ഇന്ത്യയ്ക്കായി രവി ബിഷ്ണോയ് നാല് വിക്കറ്റെടുത്തു.

✪✪✪

യൂറോ കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ തുർക്കിയയെ 2-1 ന് തോൽപ്പിച്ച് നെതർലൻഡ്സ് സെമിയിൽ കടന്നു.

സെമിയിൽ ഇംഗ്ലണ്ടാണ് നെതർഡലൻഡ്സിന്റെ എതിരാളികൾ.

✪✪✪

കണ്ണൂർ സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിൽ SFIക്ക് ജയം. മുഴുവൻ സീറ്റുകളും SFI നേടി. വയനാട് ജില്ലാ എക്സിക്യൂട്ടീവിനെ എതിരില്ലാതെ തിരഞ്ഞെടുത്തിരുന്നു.

✪✪✪

കോഴിക്കോട് തിരുവമ്പാടിയിൽ KSEB ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുകയും ഓഫീസിൽ അതിക്രമം നടത്തുകയും ചെയ്ത സംഭവത്തിൽ രണ്ടു പേരെ പോലീസ് അറസ്റ്റ് ചെയ്തു സംഭവത്തിൽ രണ്ട് കേസുകളും റജിസ്ട്രർ ചെയ്തു. അതിക്രമം നടത്തിയ യുവാക്കളുടെ വീട്ടിലെ വൈദ്യുതി കണക്ഷൻ വിഛേദിച്ചതിനെ തുടർന്ന് മാതാപിതാക്കൾ KSEB ഓഫീസിന് മുന്നിൽ പ്രതിഷേധിച്ചു.

✪✪✪

കണ്ണൂർ പയ്യന്നൂർ പോത്താങ്കണ്ടം ആനന്ദ ഭവനത്തിന്റെ നേതൃത്യത്തിൽ 41 ദിവസം നീണ്ട പത്തൊമ്പതാം തുരീയം സംഗീതോൽസവം ഇന്ന് സമാപിക്കും. വൈകീട്ട് സമാപന സമ്മേളനം ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും. തുടർന്ന് പഞ്ചരത്ന കീർത്തനാലാപനവും ഉണ്ടായിരിക്കും.

✪✪✪

കണ്ണൂർ ജില്ലയിലെ മലയോര പ്രദേശങ്ങളിൽ കാട്ടാന ശല്യം രൂക്ഷമായി. ഉളിക്കൽ പഞ്ചായത്തിലെ മാട്ടറ പീടികക്കുന്ന്, ചാപ്പത്തോട്, മുന്തിരി റോഡ്, ആനപ്പാറ, കാലാങ്കി ഭാഗങ്ങളിൽ ആനകൾ അൻപത് ഏക്കറിലധികം സ്ഥലത്തെ കൃഷിനശിപ്പിച്ചു. കോളയാട് പഞ്ചായത്തിലെ പെരുവ പറക്കാട്ടും കാട്ടാനക്കൂട്ടം വ്യാപക കൃഷി നാശമുണ്ടാക്കി.

✪✪✪